'ഭരണഭാഷ മാതൃഭാഷ'

**കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം**
**ഡയറക്ടറുടെ നടപടിതീർപ്പ്**
(ഹാജർ: സോജ്ജ എസ്.എസ്. )

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം - കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ വെൽഡർ-കം-ബ്ലാക്ക് സ്മിത്ത് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ഉമേഷ് ബി. യെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ട് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നം. ഇ/963/2011/ KSSTM തിരുവനന്തപുരം, തീയതി, 04/01/2024

പരാമർശം:- 1) 24/06/2022 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
2) 23/08/2022 തീയതിയിലെ ഇതേ നമ്പർ മെമ്മോ
3) 17/10/2022 തീയതിയിലെ 40th ഗവേണിംഗ് ബോഡി യോഗ തീരുമാനം (ഐറ്റം നം. 40.7.18)
4) 07/12/2022 തീയതിയിലെ ഇ/122/2022/KSSTM നമ്പർ ഓഫീസ് ഓർഡർ
5) 29/12/2022 തീയതിയിലെ ഇതേ നമ്പർ കത്ത്.
6) 10/08/2023 തീയതിയിലെ മലയാള മനോരമ ദിനപത്രത്തിലും, 11/08/2023 തീയതിയിലെ ദേശാഭിമാനി ദിനപത്രത്തിലെയും പത്ര പരസ്യം
7) 06/11/2023 തീയതിയിലെ 44th എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗ് തീരുമാനം (ഐറ്റം നം. 8)

**ഉത്തരവ്**

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ വെൽഡർ കം ബ്ലാക് സ്മിത്ത് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. ഉമേഷ് ബി. മുൻകൂർ അനുമതി ഇല്ലാതെയും, അവധി അപേക്ഷ സമർപ്പിക്കാതെയും 13/05/2022 തീയതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്ത സാഹചര്യത്തിൽ, മ്യൂസിയത്തിലെ സേവന ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി, പരാമർശം (1) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി വിശദീകരണം ലഭ്യമാക്കുവാൻ വെൽഡർ കം ബ്ലാക് സ്മിത്ത് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. ഉമേഷ് ബി.-യോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയതിനു ശ്രീ ഉമേഷ് ബി മറുപടി ലഭ്യമാക്കിയില്ല. തുടർന്ന് നേരിട്ട് ഹാജരായി വിശദീകരണം ബോധിപ്പിക്കുന്നതിനായി അന്തിമ അവസരം നൽകികൊണ്ട് പരാമർശം (2) പ്രകാരം മെമ്മോ നൽകിയെങ്കിലും, തുടർന്നും വിശദീകരണം നൽകാതെയും, നേരിൽ ഹാജരാകാതെയും തുടർന്നു. ഇത്തരം പ്രവൃത്തികൾ ഒരു ജീവനക്കാരനു നിരക്കാത്തതും, ചട്ടങ്ങൾ അനുശാസിക്കുന്നതിനു വിരുദ്ധവും, കൂടാതെ സർവ്വീസിൽ നിന്നും പിരിച്ചുവിടേണ്ടതുമായ കുറ്റം ആയതിനാൽ ശ്രീ. ഉമേഷ് ബി.-യെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പരാമർശം (3) പ്രകാരം ചേർന്ന ഗവേണിംഗ് ബോഡി തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉമേഷ് ബി.-യ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി പരാമർശം (4) പ്രകാരം ഒരു ആഭ്യന്തര അന്വേഷണ കമ്മറ്റിയെ നിയോഗിക്കുകയും, 19/01/2023 തീയതി രാവിലെ 11 മണിയ്ക്ക് പ്രസ്തുത കമ്മറ്റി മുമ്പാകെ നേരിൽ ഹാജരാകുന്നതിന് പരാമർശം (5) പ്രകാരം നിർദ്ദേശം നൽകുകയുമുണ്ടായി. എന്നാൽ ആയതു കൈപ്പറ്റാതെ ശ്രീ. ഉമേഷ് ബി പ്രസ്തുത കത്ത് മടക്കുകയും, തുടർന്ന് പരാമർശം (6) പ്രകാരം 10/08/2023, 11/08/2023 തീയതികളിൽ പത്രമാദ്ധ്യമങ്ങളിലൂടെ ഇതു സംബന്ധിച്ച് സംസ്ഥാന വ്യാപകമായി എല്ലാ എഡിഷനുകളിലും അറിയിപ്പ് നൽകുകയും, സ്ഥാപനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ (www.kstmuseum.com) കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും പ്രസിദ്ധീകരിക്കുയുണ്ടായി. ആയതിനും ശ്രീ. ഉമേഷ് ബി.-യുടെ ഭാഗത്ത് നിന്നും യാതൊരു വിധ പ്രതികരണവുമുണ്ടായിട്ടില്ല.

2. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ വെൽഡർ-കം-ബ്ലാക്ക് സ്മിത്ത് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ഉമേഷ് ബി മുൻകൂർ അനുമതി ഇല്ലാതെയും,

അവധി അപേക്ഷ സമർപ്പിക്കാതെയും, അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തതിനാൽ KSSTM സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി കൈക്കൊണ്ട് ശ്രീ ഉമേഷ് ബി.-യെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതു സംബന്ധിച്ച തീരുമാനത്തിനായി പരാമർശം (7) പ്രകാരം ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുകയും, ടെർമിനേഷൻ നടപടിക്രമങ്ങളുടെ ഭാഗമായുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ വെൽഡർ കം ബ്ലാക് സ്മിത്ത് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. ഉമേഷ് ബി. -യെ സർവ്വീസിൽ നിന്നും പിരിച്ചു വിടുന്ന നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

3. ഈ സാഹചര്യത്തിൽ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ Service & Conduct Rules, Chapter 4-ൽ പ്രതിപാദിച്ചിട്ടുള്ള 2(i), 2(ii), 6, 8,12, 13, വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ വെൽഡർ-കം-ബ്ലാക്ക് സ്മിത്ത് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ഉമേഷ് ബി. യെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ട് ഉത്തരവാകുന്നു. കൂടാതെ ശ്രീ ഉമേഷ് ബി. യ്ക്ക് സ്ഥാപനത്തിൽ നിന്നും യാതൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതുമല്ല.

ഡയറക്ടർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ആഡിറ്റ് കേരള, തിരുവനന്തപുരം.
ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്.
ശ്രീ. ഉമേഷ് ബി., ഉമ ഭവൻ, മീളൂർ, കല്ലറ പി.ഒ., തിരുവനന്തപുരം - 695 608.
/ കിരൺ നിവാസ്, നെല്ലിക്കുന്ന്, അടയമൺ പി.ഒ., തിരുവനന്തപുരം.
/ കലാമന്ദിരം, മങ്കാട്, കുമ്മിൾ, കൊല്ലം
ഡയറക്ടറുടെ സി.എ യ്ക്ക്.
അക്കൗണ്ട്സ് സെക്ഷൻ
നോട്ടീസ് ബോർഡ് / വെബ്സൈറ്റ്
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ